**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 375** | **09-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമിയുടെ വിസ്തൃതി കുറയുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ വക ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട് .സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ, സർക്കാർ ഭൂമി ഭൂരഹിതർക്ക് പതിച്ചു നൽകൽ, വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ഭൂമി ഏറ്റെടുക്കൽ, പ്രകൃതിക്ഷോഭം എന്നിവ മൂലം സർക്കാർ ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നു. |
| (ബി) | എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട് .സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ, സർക്കാർ ഭൂമി ഭൂരഹിതർക്ക് പതിച്ചു നൽകൽ, വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ഭൂമി ഏറ്റെടുക്കൽ, പ്രകൃതിക്ഷോഭം എന്നിവ മൂലം സർക്കാർ ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നു. |
| (സി) | ഭൂമിനഷ്ടം ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ? | (സി) | കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുക, എല്ലാ വില്ലേജുകളിലും റീസർവ്വെ നടത്തി സർക്കാർ ഭൂമി കണ്ടെത്തി അവ അതിർത്തി തിരിച്ച് സംരക്ഷിക്കുക, സർക്കാർ ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരം ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുക എന്നീ നടപടികളിലൂടെ ഭൂമി നഷ്ടം ഒഴിവാക്കാവുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം സമയബന്ധിതമായി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണനിയമം 1957 ഉം 1958 ലെ അനുബന്ധ ചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിത പ്പെടുത്തുന്നതിനായി 10.09.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 3778/18/റവ പ്രകാരം ജില്ലാ |

| | | | |
|---|---|---|---|
| | | | തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ സ്ഥല പരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

റവന്യൂ വകുപ്പ് - സർക്കാർ ഭൂമി കൈയേറ്റം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഒരു ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും മറ്റു ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിങ് സെൽ രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (സാധാ) നം. **3778**/2018/റവ തീയതി, തിരുവനന്തപുരം 10/09/2018

---

**ഉത്തരവ്**

സർക്കാർ ഭൂമി കൈയ്യേറ്റം വ്യാപകമായി നടക്കുന്നുണ്ടെന്നും കൈയ്യേറ്റത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ലായെന്നും പത്ര, ദൃശ്യ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്തുവരുന്ന ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. സർക്കാർ ഭൂമി കൈയ്യേറുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ കേരള ഭൂസംരക്ഷണ ആക്ടിൽ ഉണ്ടെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും സമയോചിതമായി നടപടികൾ എടുക്കാത്തത് കാരണം ഉണ്ടാകുന്ന സ്റ്റേ ഉത്തരവുകളും ബഹു. കോടതികളിൽ നിന്നുണ്ടാകുന്ന ഇടക്കാല ഉത്തരവുകളും കോടതി വിധികളും കൈയ്യേറ്റങ്ങൾ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.

2) പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും സർക്കാർ ഭൂമി കൈയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനും വേണ്ടി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ജോയിന്റ് കമ്മീഷണറേയും അസിസ്റ്റന്റ് കമ്മീഷണറേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) മേല്പറഞ്ഞ രീതിയിൽ രൂപീകരിക്കുന്ന സെല്ലിനു താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്.

1) സർക്കാർ ഭൂമി കൈയ്യേറ്റങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തൽക്ഷണം ജില്ലാ കളക്ടർമാരിൽ നിന്നോ ബന്ധപ്പെട്ട തഹസിൽദാർമാരിൽ നിന്നോ റിപ്പോർട്ട് നേടണം.

2) സർക്കാർ ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ സമയോചിതമായും കാര്യക്ഷമതയോടേയും ഇടപെടുകയും ഒഴിപ്പിക്കൽ നടപടികൾ വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കി, ഒഴിപ്പിക്കൽ നടപടികൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്നു ഉറപ്പാക്കണം.

3) മീഡിയായിലും മറ്റ് മാധ്യമങ്ങളിലും റിപ്പോർട്ട് ചെയ്തുവരുന്ന കൈയ്യേറ്റ കേസ്സുകളും പ്രധാനപ്പെട്ട കൈയ്യേറ്റങ്ങളും സ്ഥല പരിശോധന നടത്തി കൈയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും ഒഴിപ്പിച്ചെടുക്കുന്നതിനും നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

4) അധികാര സ്ഥാപനങ്ങളുടെ സ്റ്റേ ഉത്തരവുകൾ ഉണ്ടെങ്കിൽ അത് വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

5) കോടതിയിൽ നിലനില്ക്കുന്ന കേസുകളിൽ സർക്കാരിന്റെ ഭാഗം വാദിക്കുന്നതിനും സ്റ്റേറ്റ്മെന്റുകൾ/കൗണ്ടർ അഫിഡവിറ്റുകൾ എന്നിവ ഫയൽ ചെയ്യുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം.

6) സബ് കളക്ടർമാരുടേയും റവന്യൂ ഡിവിഷണൽ ഓഫീസർമാരുടേയും നേതൃത്വത്തിൽ അവരവരുടെ അധികാര പരിധിക്കുള്ളിലുള്ള സർക്കാർ ഭൂമികളും ഇടവഴികളും പുറമ്പോക്കുകളും കയ്യേറി വച്ചിരിക്കുന്നത് ഒഴിപ്പിച്ചെടുക്കുന്നതിനു ഒരു 'സ്പെഷ്യൽ ഡ്രൈവ് നടത്തി ഒഴിപ്പിക്കുന്ന കയ്യേറ്റങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7) ജില്ലാ കളക്ടർമാർ ഇപ്രകാരമുള്ള കൈയ്യേറ്റ കേസുകൾ നിരീക്ഷിക്കുകയും കോടതി ഇടപെടലുകൾ കാരണം ഒഴിപ്പിക്കൽ നടപടികൾ നടത്തുവാൻ കഴിയാതിരിക്കുന്ന കേസ്സുകളെ സംബന്ധിച്ച് വിവരങ്ങൾ 'മോണിറ്ററിംഗ് സെല്ലിന് സമയാസമയം റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ